പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2405

18/2/2016 -ൽ മറുപടിയ്ക്കു്

**ക്ഷേത്രങ്ങളുടെ പുന;രുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ക്ഷേത്രങ്ങളോട് ചേർന്ന് കിടക്കുന്ന കുളം, കാവ്, ആൽത്തറ, ചിറ എന്നിവയുടെ പുന;രുദ്ധാരണത്തിന് വേണ്ടി റവന്യൂ (ദേവസ്വം) വകുപ്പ് സ.ഉ. (സാധാ) നം. 6435/14/ആർ.ഡി. നമ്പറായി 23.12.14-ന് ഉത്തരവിറക്കിയിരുന്നുവോ; | എ) | ഇറക്കിയിരുന്നു. |
| ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; | ബി) | മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രക്കുളം/കാവ്/ ആൽത്തറ നവീകരണത്തിന് അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനെയും, സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ച തുക മാറുന്നതുമായി ബന്ധപ്പെട്ട് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിരുന്നു. |
| സി) | പ്രസ്തുത ഉത്തരവിൽ പറയുന്ന ക്ഷേത്രങ്ങൾക്ക് പരാമർശിക്കപ്പെട്ട തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രങ്ങൾക്ക് ലഭിച്ചുവെന്നും ബാക്കിയുള്ളവർക്ക് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ; | സി) | മലബാർ ദേവസ്വം ബോർഡിനു കീഴിലെ 87 ക്ഷേത്രങ്ങൾക്ക് അനുവദിച്ച തുക നൽകുന്നതിന് ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നതും പ്രസ്തുത തുക മാറി റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും ആയത് അതത് ക്ഷേത്രങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും മലബാർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. 27 സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിച്ചിരുന്ന തുകയിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറി മുഖാന്തിരം സർക്കാരിലേക്ക് ബില്ല് സമർപ്പിച്ചിരുന്ന ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിട്ടുള്ളതാണ്. യഥാസമയം ബിൽ സമർപ്പിക്കാത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിരുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, ലഭിക്കാത്ത ക്ഷേത്രങ്ങൾക്ക് അത് ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ഡി) | മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങൾക്ക് തുക അനുവദിക്കുന്നതിൽ മലബാർ ദേവസ്വം ബോർഡിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ക്ഷേത്രങ്ങളുടെ ബിൽ നിശ്ചിത സമയത്തിനുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ ദേവസ്വം വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുവാൻ സാദ്ധ്യമല്ല. |

സെക്ഷൻ ഓഫീസർ